(ബി&സി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയുള്ള മത്സ്യലഭ്യതയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കോൾഡ് ചെയിൻ പദ്ധതിക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതിക്ക് നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായംകുളം ദേവികുളങ്ങര ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം

104 (1809) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ദേവികുളങ്ങര പഞ്ചായത്തിലെ ഫിഷ് ലാന്റിംഗ് സെന്ററിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിലെ മുട്ടത്തുമണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ സിവിൽ പ്രവൃത്തികളും ഇലക്ട്രിഫിക്കേഷനും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിന് ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ല.

ട്രോളിംഗ് നിരോധനം

105 (1810) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം 41 ദിവസമായി കുറയ്ക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ തള്ളിയ സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly